പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 654 — 24.01. 2018 ൽ മറുപടിക്ക്

## വൈദ്യുതി ചാർജ്ജ് വർദ്ധനവ്

ചോദ്യം — ഉത്തരം

ശ്രീ.പാറക്കൽ അബ്ദുല്ല — ശ്രീ.എം.എം.മണി (വൈദ്യുതി വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) സംസ്ഥാനത്ത് വൈദ്യുതി ചാർജ്ജ് നാല് വർഷത്തേക്ക് ഒന്നിച്ച് കൂട്ടുന്ന കാര്യം റഗുലേറ്ററി കമ്മീഷന്റെ പരിഗണനയിലുണ്ടോ; | (എ) ഇല്ല. |
| (ബി) എങ്കിൽ ഈ നടപടിയിലൂടെ വൈദ്യുതി ബോർഡ് ലക്ഷ്യം വെക്കുന്ന നേട്ടങ്ങളെന്തൊക്കെയാണ്; യൂണിറ്റിന് എത്ര പൈസയാണ് വർദ്ധിപ്പിക്കുന്നതെന്ന് വെളിപ്പെടുത്താമോ; | (ബി) ബാധകമല്ല. |
| (സി) സംസ്ഥാനത്ത് ഇതിനുമുമ്പ് എന്നാണ് വൈദ്യുതി ചാർജ്ജ് വർധിപ്പിച്ചത്; അന്ന് യൂണിറ്റിന് എത്ര പൈസയുടെ വർദ്ധനവാണ് വരുത്തിയതെന്ന് വ്യക്തമാക്കാമോ; | (സി) 18.04.2017 ൽ ടി ഉത്തരവിലൂടെ, ഗാർഹിക ഉപഭോക്താക്കൾക്ക് യൂണിറ്റിന് ശരാശരി 10 പൈസമുതൽ 50 പൈസ വരെയും ഗാർഹികേതര വിഭാഗങ്ങളിൽ ചില വിഭാഗങ്ങൾക്ക് യൂണിറ്റിന് 20 പൈസ മുതൽ 30 പൈസ വരെയും വർദ്ധനവ് ഉണ്ടായി. കൃഷി, വാണിജ്യ ഉപഭോക്താക്കൾക്ക് വർദ്ധനവൊന്നും വരുത്തുക യുണ്ടായില്ല.എൻഡോസൾഫാൻ ദുരിതബാധിതർ അടക്കം ഒട്ടേറെ വിഭാഗങ്ങൾക്ക് പ്രത്യേക ആനുകൂല്യങ്ങളും ഈ ഉത്തരവിലൂടെ അനുവദിക്കുകയുണ്ടായി. |
| (ഡി) വൈദ്യുതി നിരക്ക് വർദ്ധനവ് എന്ന് പ്രാബല്യത്തിൽ വരുമെന്നും ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും വിശദമാക്കാമോ;<br>(ഇ) വ്യവസായങ്ങൾ ഉൾപ്പെടെയുള്ള ഉൽപ്പാദനമേഖലയെയും ഗാർഹിക ഉപഭോക്താക്കളെയും നിരക്ക് വർധനയിൽ നിന്നൊഴിവാക്കുമോ; ഇല്ലെങ്കിൽ ഇവരുടെ കാര്യത്തിൽ എന്തൊക്കെ ഇളവുകൾ ബോർഡിനു നൽകാനാകുമെന്ന് വ്യക്തമാക്കുമോ? | ഡി) &(ഇ) ബാധകമല്ല. |

സെക്ഷൻ ഓഫീസർ